മാതൃഭൂമി

17 July 2018

# കേരളത്തിന് ആറ് ഐ.സി.എ.ആർ. അവാർഡുകൾ







ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ വിവിധ അവാർഡുകൾ എറണാകുളം സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ശാസ്ത്രജ്ഞർക്ക് കൃഷിമന്ത്രി രാധാ മോഹൻ സിങ് സമ്മാനിച്ചപ്പോൾ. (ഇടത്തു നിന്ന് വലത്തോട്ട്) ആനിമൽ ആൻഡ് ഫിഷറീസ് വിഭാഗത്തിൽ മികച്ച ഗവേഷണത്തിനുള്ള അവാർഡ് സീനിയർ സയന്റിസ്റ്റ് ഡോ. കാജൽ ചക്രബർത്തി, സോഷ്യൽ സയൻസസ് വിഭാഗത്തിലെ മികച്ച യുവശാസ്ത്രജ്ഞനുള്ള അവാർഡ് ഡോ. എൽദോ വർഗീസ്, മികച്ച പി.ജി. ഡോക്ടറൽ തിസിസ് റിസർച്ച് അവാർഡ് ഡോ. അനുശ്രീ വേലപ്പൻ നായർ എന്നിവർ ഏറ്റുവാങ്ങുന്നു.

**ന്യൂഡൽഹി▸** ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസേർച്ചി(ഐ.സി.എ.ആർ.)ന്റെ 2017-ലെ ആറ് അവാർഡുകളും കേരളത്തിന്. മികച്ച അഖിലേന്ത്യാ കോ-ഓർഡിനേറ്റഡ് റിസർച്ച് പ്രോജക്ട് അവാർഡ് കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചിന് ലഭിച്ചു. മികച്ച ഗവേഷണ കേന്ദ്രത്തിനുള്ള അവാർഡ് കണ്ണൂർ പന്നിയൂർ കുരുമുളകുഗവേഷണ കേന്ദ്രത്തിനു ലഭിച്ചു.

എറണാകുളം സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ മൂന്ന് ശാസ്ത്രജ്ഞർക്ക് അവാർഡ് ലഭിച്ചു. ആനിമൽ ആൻഡ് ഫിഷറീസ് വിഭാഗത്തിൽ മികച്ച ഗവേഷണത്തിനുള്ള അവാർഡ് സീനിയർ സയന്റിസ്റ്റ് ഡോ. കാജൽ ചക്രബർത്തിക്കും സോഷ്യൽ സയൻസസ് വിഭാഗത്തിലെ മികച്ച യുവശാസ്ത്രജ്ഞനുള്ള അവാർഡ് ഡോ. എൽദോ വർഗീസിനും ഫിഷറീസ് സയൻസിലെ മികച്ച പി.ജി. ഡോക്ടറൽ തീസിസ് റിസർച്ച് അവാർഡ് ഡോ. അനുശ്രീ വേലപ്പൻ നായർക്കും ലഭിച്ചു. ബയോടെക്നോളജി വിഭാഗത്തിലെ മികച്ച പി.ജി. ഡോക്ടറൽ തീസിസ് റിസർച്ച് അവാർഡ് കൊല്ലം പാരിപ്പള്ളിയിലെ ഡോ. ആശ ശ്രീനിവാസനു ലഭിച്ചു.

ഐ.സി.എ.ആർ. സ്ഥാപക ദിനാഘോഷത്തോടനുബന്ധിച്ച് ഡൽഹിയിൽ നടന്ന ചടങ്ങിൽ കൃഷിമന്ത്രി രാധാ മോഹൻ സിങ് അവാർഡുകളും വിതരണം ചെയ്തു. കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചിനുവേണ്ടി ഡയറക്ടർ കണ്ടിപുഡി നിർമൽ ബാബുവും പന്നിയൂർ കുരുമുളകുഗവേഷണ കേന്ദ്രത്തിനുവേണ്ടി അസിസ്റ്റന്റ് പ്രൊഫസർ ഡോ. പി.എം. അജിത്തും അവാർഡുകളും ഏറ്റുവാങ്ങി.